ഉത്തരം

(എ) ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ:ഇ.ജി.പി., സി. ഡി. സ്കീം, എ. എൻ. പി. എന്നീ പദ്ധതികൾക്കായി മുദാക്കൽ പഞ്ചായത്തിൽ ഈ കാലയളവിൽ 9.80 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രയോജനം പഞ്ചായത്തിൽ 467 പേർക്ക് കിട്ടിയിട്ടുണ്ട്. ഇതിനുപുറമേ പഞ്ചായത്തിലെ പൊതുജനങ്ങൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്.

ഇരുപതിന പരിപാടിയനുസരിച്ച് നഗരൂർ പഞ്ചായത്തിൽ ചെലവഴിച്ച തുക

1395. [2081] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപതിന പരിപാടിയനുസരിച്ച് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാന്നൂർ മണ്ഡലത്തിൽ നഗരൂർ പഞ്ചായത്തിൽ എത്തെല്ലാം പദ്ധതികൾക്കുവേണ്ടി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം അവിടെ എത്രപേർക്ക് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., സി. ഡി. സ്കീം., ആർ. എൽ. ഇ. ജി. പി., എ. എൻ. പി. എന്നീ പദ്ധതികൾക്കായി ഈ കാലയളവിൽ നഗരൂർ പഞ്ചായത്തിൽ 9.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രയോജനം പഞ്ചായത്തിൽ 619 പേർക്ക് കിട്ടിയിട്ടുണ്ട്. ഇതിനുപുറമേ പഞ്ചായത്തിലെ പൊതുജനങ്ങൾക്കും ലഭിച്ചിട്ടുണ്ട്.

വി. ഇ. ഒ. മാർക്ക് നൽകുന്ന ട്രെയിനിംഗ്

1396. [2083] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1983-ലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ 1984-ൽ അഡ്വൈസ് ചെയ്ത എല്ലാവരെയും വികസന വകുപ്പിൽ നിയമിച്ചിട്ടുണ്ടോ ;

(ബി) ഇവർക്ക് എല്ലാവർക്കും പരിശീലനം നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പരിശീലനത്തിന്റെ കാലയളവ് എല്ലാവർക്കും തുല്യമായിരുന്നുവോ ;

(ഡി) അല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ട്രെയിനിംഗ് മുൻകാല പ്രാബല്യത്തോടെ അടിസ്ഥാന ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly